## കേരള സർക്കാർ

### സംഗ്രഹം

തദ്ദേശസ്വയംഭരണം - പാലക്കാട് ജില്ലയിലെ കാവശ്ശേരി ഗ്രാമപഞ്ചായത്തിലെ സീനിയർ ക്ലാർക്കായ ശ്രീ ബിജു കെ കെയ്ക്ക് വ്യവസ്ഥകൾക്ക് വിധേയമായി മാജിക് ഷോ അവതരിപ്പിയ്ക്കുന്നതിന് സോപാധിക അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

### തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്

സ.ഉ.(സാധാ )നം.1970/2016/തസ്വഭവ തീയതി,തിരുവനന്തപുരം, 23/6/2016

---

പരാമർശം : 1. ശ്രീ ബിജു കെ കെയുടെ 11.01.2016 ലെ അപേക്ഷ
2. പഞ്ചായത്ത് ഡയറക്ടറുടെ 09.03.2016 ലെ ഇ 5-3302/15 നമ്പർ കത്ത്

### ഉത്തരവ്

പാലക്കാട് ജില്ലയിലെ കാവശ്ശേരി ഗ്രാമപഞ്ചായത്തിലെ സീനിയർ ക്ലാർക്കായ ശ്രീ ബിജു കെ കെയ്ക്ക് ഔദ്യോഗിക കൃത്യനിർവ്വഹണത്തിന് തടസ്സം വരാതെയും സാമ്പത്തിക പ്രതിഫലമോ മറ്റ് ആനുകൂല്യങ്ങളോ കൈപ്പറ്റാതെയും പൊതുവേദികളിൽ മാജിക് ഷോ അവതരിപ്പിക്കുന്നതിനുള്ള അനുമതിയ്ക്കായി പരാമർശം 1 പ്രകാരം സമർപ്പിച്ച അപേക്ഷ പഞ്ചായത്ത് ഡയറക്ടർ പരാമർശം 2 പ്രകാരം സർക്കാരിൽ സമർപ്പിച്ചു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ടങ്ങൾ 1960-ലെ ചട്ടം 48 ന്റെ ഒന്നാം പ്രൊവിസോ പ്രകാരം ഒരു സർക്കാർ ജീവനക്കാരന് തന്റെ ഔദ്യാഗിക കൃത്യനിർവ്വഹണത്തിന് തടസ്സം വരാത്ത രീതിയിൽ പ്രതിഫലേച്ഛയില്ലാതെ സാഹിത്യം, കല, ശാസ്ത്രം, എന്നിവയുടെ സ്വഭാവജന്യമായ വല്ലപ്പോഴുമുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെടാവുന്നതാണ്.

3. മേൽ സാഹചര്യത്തിൽ പാലക്കാട് ജില്ലയിലെ കാവശ്ശേരി ഗ്രാമപഞ്ചായത്തിലെ സീനിയർ ക്ലാർക്കായ ശ്രീ ബിജു കെ കെയ്ക്ക് കേരള സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ടങ്ങൾ 1960-ലെ ചട്ടം 48 ന്റെ ഒന്നാം പ്രൊവിസോ പ്രകാരം യാതൊരു പ്രതിഫലവും കൈപ്പറ്റാൻ പാടില്ലെന്നും ഔദ്യാഗിക കൃത്യനിർവ്വഹണത്തിന് ഭംഗം വരുത്താൻ പാടില്ലെന്നും സർക്കാരിനെയോ സർക്കാർ നയങ്ങളെയോ ഏതെങ്കിലും തരത്തിൽ വിമർശിക്കാൻ പാടില്ലെന്നും ഒരു തുടർപ്രവർത്തനമായി ഇത്തരം പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പാടില്ലെന്നുമുള്ള വ്യവസ്ഥയിൽ മാജിക് ഷോ അവതരിപ്പിയ്ക്കുന്നതിന് സോപാധിക അനുമതി

നല്കി ഉത്തരവാകുന്നു. സർക്കാർ നിർദ്ദേശിയ്ക്കുന്ന പക്ഷം പ്രസ്തുത പ്രവർത്തനങ്ങൾ ഉ- ഏറ്റെടുക്കുകയോ തുടരുകയോ ചെയ്യാൻ പാടില്ലാത്തതുമാകുന്നു. ഈ വ്യവസ്ഥകളിൽ എന്തെങ്കിലും വീഴ്ച വരുത്തുന്ന പക്ഷം ബന്ധപ്പെട്ട മേലധികാരി ടിയാനെതിരെ അച്ചടക്ക നടപടികൾ സ്വീകരിയ്ക്കേണ്ടതും തുടർന്ന് ഇത്തരം പ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള അനുമതി പിൻവലിയ്ക്കേണ്ടതുമാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ശ്രീകല.സി.എസ്**
അണ്ടർ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട് (പഞ്ചായത്ത് ഡയറക്ടർ മുഖേന)
ശ്രീ ബിജു കെ കെ, സീനിയർ ക്ലാർക്ക്, കാവശ്ശേരി ഗ്രാമപഞ്ചായത്ത്, പാലക്കാട് (പഞ്ചായത്ത് ഡയറക്ടർ മുഖേന)
സെക്രട്ടറി, കാവശ്ശേരി ഗ്രാമപഞ്ചായത്ത്, പാലക്കാട് (പഞ്ചായത്ത് ഡയറക്ടർ മുഖേന)
ഉദ്യോഗസ്ഥഭരണപരിഷ്കാര വകുപ്പ് ( 03.02.2016 ലെ 1026/ബി2/2016/ഉഭപവ നമ്പർ കുറിപ്പ്)
ഡയറക്ടർ, ഐ. കെ. എം (സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്(ഇപിഎ 1/499/2015/തസ്വഭവ നമ്പർ ഫയൽ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ